*Uncorrected/Not for publication*

*13-10-2026*

## *Adjournment Motion*

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### ആരോഗ്യമേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കഴിഞ്ഞ രണ്ട് മാസക്കാലമായി തുടരുന്നതും നിലവിലുള്ളതുമായ ഗുരുതരമായ മരുന്ന് ക്ഷാമം, കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സാ പിഴവുമൂലം വീട്ടമ്മ മരിച്ചത് അടക്കമുള്ള സംഭവങ്ങളും, ജീവനക്കാരുടെ പിരിച്ചുവിടലും സ്ഥലംമാറ്റങ്ങളും, അപ്രഖ്യാപിത പവർകട്ട്മൂലം ശസ്ത്രക്രിയകൾ മുടങ്ങുന്നതും, ആശുപത്രികൾ വേണ്ടത്ര സൗകര്യങ്ങളില്ലാത്തതും പകർച്ചപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ മൂലമുള്ള മരണനിരക്കിലെ വർധനവ്, സ്വകാര്യ ആശുപത്രികളെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയം തുടങ്ങിയവമൂലം ആരോഗ്യമേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ കെ. വി. സുമേഷ്, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

*13-10-2026*

*Adjournment Motion*

ചട്ടം 50 പ്രകാരം ചർച്ച ചെയ്യുന്നതിനുമുമ്പായി ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട അംഗത്തെ ഓർമ്മിപ്പിക്കുന്നു. റൂൾ 50 അനുവദിക്കണമെങ്കിൽ വിഷയം single point-ഉം recently occurred-ഉം ആയിരിക്കണം. ഈ നോട്ടീസിൽ recently occurred എന്നുള്ള വ്യവസ്ഥ കുറവാണ്. പക്ഷേ സിംഗിൾ പോയിന്റ് അല്ല, പല കാര്യങ്ങൾ ഉൾപ്പെടുന്നുണ്ട്. അതിനാൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്ന അംഗം പോയിന്റിൽ മാത്രമായി നിന്നാൽ നമ്മുടെ റൂളുകൾക്ക് വിധേയമായി പോകും.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം 28-01-2026-ൽ അന്നത്തെ പ്രതിപക്ഷം അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ പൊടി തട്ടിയെടുത്ത പുതിയ രൂപമാണ്. ഈ പറയുന്ന പ്രശ്നങ്ങളൊന്നും ആരോഗ്യവകുപ്പിലില്ല. മരുന്ന് ക്ഷാമത്തിനെക്കുറിച്ചാണ് ഇവിടെ ആദ്യമായി സൂചിപ്പിച്ചത്. 2025 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിലാണ് അടുത്ത വർഷത്തേക്കുള്ള ഇൻഡന്റ് സമർപ്പിക്കുകയും മരുന്ന് കമ്പനികളിൽനിന്ന്

ടെൻഡർ ക്ഷണിക്കുകയും ചെയ്യുന്ന നടപടിക്രമങ്ങൾ നടക്കുന്നത്. എല്ലാ വർഷവും അങ്ങനെയാണ്. ഇത് സാധാരണ ഒക്ടോബർ മുതൽ ഡിസംബർ വരെയാണ് പ്രോസസ്സ് നടക്കുന്നത്. തുടർന്ന് മാർച്ച് മാസത്തിൽ പർച്ചേസ് ഓർഡർ നൽകും. അങ്ങനെയാണ് ഇതിന്റെ നിയമം എന്നുപറയുന്നത്. കഴിഞ്ഞ മാർച്ചിൽ പെരുമാറ്റച്ചട്ടത്തിന്റെ പേര് പറഞ്ഞ് അന്നത്തെ സർക്കാർ അക്കാര്യത്തിൽ അലംഭാവമുണ്ടാക്കി. കാരണം, പർച്ചേസ് ഓർഡർ വരണമെങ്കിൽ മാർച്ച് മാസത്തിൽ ഇലക്ഷൻ പ്രഖ്യാപനം വരുന്നതിനുമുമ്പുതന്നെ വേണമെങ്കിൽ നൽകാമായിരുന്നു. പക്ഷേ, അന്ന് നൽകിയില്ല. അവസാനം ഇലക്ഷൻ കഴിഞ്ഞ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇതിന്റെ പർച്ചേസ് ഓർഡർ സമർപ്പിച്ചത്. അതോടൊപ്പം പശ്ചിമേഷ്യൻ യുദ്ധവും അസംസ്കൃത വസ്തുകളുടെ ദൗർലഭ്യവും പ്ലാറ്റിനം പോലുള്ള വസ്തുകളുടെ വിലവർധനയും. കഴിഞ്ഞ സർക്കാർ മരുന്ന് വാങ്ങിയതിൽ നൽകാനുണ്ടായിരുന്ന ഭീമമായിട്ടുള്ള കുടിശ്ശിക കാരണം ഏതാണ്ട് 26 ഇനം മരുന്നുകൾക്ക് ക്ഷാമമുണ്ടാകുകയും ചെയ്തു. അതിനെക്കുറിച്ച് പറയുമ്പോൾ സർക്കാർ ആശുപത്രികളിൽ

ഇൻസുലിൻ വിതരണം നിർത്തുന്നു എന്ന് 10-02-2024-ൽ മലയാള മനോരമ പ്രസിദ്ധീകരിച്ച വാർത്തയുണ്ട്. കുടിശ്ശിക നൽകാത്തതിനാൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കുള്ള ഇൻസുലിൻ വിതരണം നിർത്തുന്നുവെന്ന് മരുന്ന് കമ്പനി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെ അറിയിച്ചു. അടുത്ത വർഷത്തെ കരാറിൽ പങ്കെടുക്കില്ലെന്നും കമ്പനി വ്യക്തമാക്കി. ഈ സാമ്പത്തിക വർഷം 25 കോടി രൂപയുടെ ഇൻസുലിനാണ് KMSCL വഴി കരാർ നൽകിയത്. കമ്പനി ഇതുവരെ 7 കോടി രൂപയുടെ ഇൻസുലിൻ മാത്രം വിതരണം നടത്തി. ഇത് 2024 ഫ്രെബുവരിയിലെ ഓർഡറാണ്. ഇതാണ് കുടിശ്ശികയുടെ കാര്യമെന്ന് പറയുന്നത്. ഈ മരുന്ന് ക്ഷാമം അടിയന്തരമായി പരിഹരിക്കാൻ സംസ്ഥാന സർക്കാർ തന്നെ HMC-യിൽനിന്ന് HDS മുഖേന ലോക്കൽ പർച്ചേസ് നടത്തിയും സ്റ്റോക്ക് കൂടുതലുള്ള ആശുപത്രികളിൽനിന്ന് സ്റ്റോക്ക് കുറഞ്ഞ ആശുപത്രികളിലേക്ക് റീ-അറേഞ്ച് ചെയ്തും മരുന്ന് ക്ഷാമം പരിഹരിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് മരുന്ന് ക്ഷാമമില്ല. മരുന്ന് ക്ഷാമം റെഗുലറായി മോണിറ്റർ ചെയ്യുന്നതിന് അഡീഷണൽ DMO, ആശുപത്രി സൂപ്രണ്ട്,

അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, ഫാർമസി സൂപ്രണ്ട്, വെയർഹൗസ് മാനേജർ എന്നിവരുടെ നേതൃത്വത്തിൽ പരിശോധിച്ച് അപ്പപ്പോൾ നടപടി സ്വീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷം മുതൽ ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കി മറ്റ് സംസ്ഥാനങ്ങളിലെ മെഡിക്കൽ സർവീസസ് കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട് നിലവാരമുള്ള ബ്രാൻഡഡ് ജനറിക് മരുന്നുകൾ അടുത്ത വർഷം മുതൽ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതാണ് മരുന്നുക്ഷാമത്തെക്കുറിച്ച് പറയാനുള്ളത്. രണ്ടാമതായി, ചികിത്സാ പിഴവിന്റെ കാര്യമാണ് ഇവിടെ സൂചിപ്പിച്ചത്. 49 വയസ്സുള്ള ഹസീന ഹനീഫ എന്ന രോഗി 18-09-2026-ന് ഹെർണിയ ശസ്ത്രക്രിയയ്ക്ക് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ആകുകയും കീ-ഹോൾ ശസ്ത്രക്രിയയിലൂടെ ഹെർണിയ മെഷ് റിപ്പയർ നടത്തുകയും ചെയ്തു. ശസ്ത്രക്രിയയ്ക്കുശേഷം 24-09-2026-ന് രോഗിയെ ഡിസ്ചാർജ് ചെയ്തു. എന്നാൽ 24-ാം തീയതി ഡിസ്ചാർജ് ചെയ്ത രോഗിയെ 27-09-2026-ന് പനിയും ക്ഷീണവും കാരണത്താൽ കോട്ടയം മെഡിക്കൽ കോളേജിൽ വീണ്ടും അഡ്മിറ്റ് ചെയ്യുകയും ഉള്ളിൽ വച്ചിരുന്ന നെറ്റിന്

ഇൻഫക്ഷൻ കണ്ടെത്തുകയും CT സ്കാനുൾപ്പെടെയുള്ള ടെസ്റ്റുകൾ ചെയ്യുകയും പരിശോധനയ്ക്കുശേഷം അടിയന്തര ശസ്ത്രക്രിയകൾ ചെയ്യുകയുമുണ്ടായി. തുടർന്ന്, ഐ.സി.യു.-വിൽ പരിചരിച്ച രോഗി 02-10-2026-ന് പുലർച്ചെ 2.00 മണിക്കാണ് മരണപ്പെടുന്നത്. പ്രാഥമിക അന്വേഷണം സ്ഥാപനതലത്തിൽ നടത്തുകയും DME തലത്തിൽ എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് തെളിവെടുപ്പ് പൂർത്തിയാക്കി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പംതന്നെ രണ്ടുമൂന്ന് കാര്യങ്ങൾ കൂടി സൂചിപ്പിക്കാനുണ്ട്. അതെല്ലാം വേഗത്തിൽ പറയാം. ജീവനക്കാരുടെ പിരിച്ചുവിടൽ സംബന്ധിച്ചും സൂചിപ്പിക്കുന്നുണ്ട്. ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയായി അധികാരത്തിൽവന്നതിനുശേഷം ഉദ്യോഗസ്ഥതലത്തിലും സ്റ്റാഫ് തലത്തിലും ആരെയും പിരിച്ചുവിട്ടിട്ടില്ല. നാഷണൽ ഹെൽത്ത് മിഷനിൽ HR എന്നുള്ളതിന്റെ നിബന്ധനയ്ക്ക് അതിൽ നിഷ്കർച്ചതിനും അധികരിച്ചപ്പോൾ ആ നിയമം വിരുദ്ധമാണെന്ന് മിഷൻ ചൂണ്ടിക്കാണിച്ചപ്പോൾ, ഒരു performance appraisal നടത്തി മോശമായ

പ്രകടനം നടത്തിയവരുടെ കോൺട്രാക്ട് അവസാനിപ്പിച്ചു. ഇവിടെ പിരിച്ചുവിടലിന്റെ പ്രശ്നമില്ല. ഒരു വർഷത്തേയ്ക്കാണ് കോൺട്രാക്ട്. ഞാൻ അധികാരത്തിൽ വന്നതിനുശേഷം ഇത് മൂന്ന് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു. പിന്നീട് ഇതിന്റെ പെർഫോമൻസ് നോക്കി അവരുടെ സേവനം നടത്തുന്ന കാര്യങ്ങളെല്ലാം NHM-ന്റെ ഡയറക്ടറെയാണ് ചുമതലപ്പെടുത്തിയിരുന്നത്. വകുപ്പുമന്ത്രിക്ക് അതിൽ റോളില്ലാത്തതിനാൽ ഞാൻ അതിൽ ഇടപെടാറില്ല, ഇടപെടുന്നത് ശരിയല്ല. കോൺട്രാക്ട് നീട്ടികൊടുക്കുന്നില്ല എന്നതിന് അർത്ഥം പിരിച്ചുവിടുക എന്നല്ല. നമ്മുടെ ഈ നിയമസഭയുടെ കാലാവധി 2031 മേയ് മാസത്തിൽ അവസാനിക്കുമ്പോൾ നമ്മളൊക്കെ സ്വയം പിരിഞ്ഞു പോകണ്ടേ; നമുക്ക് പിരിച്ചുവിടൽ നോട്ടീസ് നൽകണോ? അതിന്റെ ആവശ്യമില്ലല്ലോ; കാലാവധി അവസാനിക്കുന്നതനുസരിച്ച് കോൺട്രാക്ട് അവസാനിക്കും. അതല്ലാതെ ആരെയും പിരിച്ചുവിടുന്നില്ല. അത് മികച്ച പെർഫോമൻസ് കാഴ്ചവച്ചവരെ നിലനിർത്താനും നിർദേശിച്ചിട്ടുണ്ട്. മറ്റൊന്ന്, പവർകട്ട്മൂലം ശസ്ത്രക്രിയകൾക്ക് തടസ്സമുണ്ടായിട്ടില്ല. എല്ലായിടത്തും ജനറേറ്റർ സൗകര്യങ്ങളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ

കാലത്തുള്ള എല്ലാ സൗകര്യങ്ങളും ഇത്തവണയും ലഭ്യമാണ്. മാത്രമല്ല, ഗുണനിലവാരം കുറെക്കൂടി ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ. ഇവിടെയുണ്ട്. പുനലൂർ സർക്കാർ താലൂക്ക് ആശുപത്രിയിൽ ഇരുപത്തിനാല് മണിക്കൂർ സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് തുടങ്ങിയതാണ്. തിരുവനന്തപുരം ജനറൽ ആശുപത്രിയിലും കൊല്ലം ജില്ലാ ആശുപത്രിയിലും കാർഡിയോളജി സേവനം 24x7 എന്ന രീതിയിലും ലഭ്യമാക്കാനും കൂടുതൽ ആശുപത്രികളിൽ ഐ.സി.യു. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എം.ആർ.ഐ.-നെക്കുറിച്ച് പറയുമ്പോൾ തൃശ്ശൂർ മെഡിക്കൽ കോളേജിൽ, അവിടത്തെ എം.എൽ.എ.-യുടെ അധ്യക്ഷതയിലാണ് MRI സ്കാൻ അവിടെ ആരംഭിച്ചത്. അതുപോലെ കൊല്ലം, മാനന്തവാടി മെഡിക്കൽ കോളേജുകളിൽ MRI സ്കാനിങ് സേവനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത മാസം അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. അതുപോലെത്തന്നെ CT സ്കാൻ, ഓപ്പറേഷൻ തീയേറ്റർ, കാത്ത് ലാബ്, ഡയാലിസിസ് എന്നീ

സേവനങ്ങൾ ഈ കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽത്തന്നെ ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കാത്ത് ലാബ് അടിമാലിയിൽ അടുത്ത മാസം ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. അതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ല. പകർപ്പനിയുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. 2025-നെ അപേക്ഷിച്ച് പകർച്ചപ്പനിയിൽ വർധനവുണ്ടായിട്ടുണ്ട്. എന്നാൽ നിപയെ പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ മറ്റ് പകർച്ചവ്യാധികൾ പടരുന്നത് കുറഞ്ഞിട്ടുണ്ട്. പകർച്ചപ്പനി കൂടുതൽ റിപ്പോർട്ട് ചെയ്യാൻ കാരണം, സർക്കാർ ആശുപത്രികളെയാണ് രോഗികൾ കൂടുതലായി ആശ്രയിക്കുന്നത്. മുമ്പ് പ്രൈവറ്റ് ആശുപത്രികളിലായിരുന്നു പോയിരുന്നത്; ഇന്ന് സർക്കാർ ആശുപത്രിയിൽ വരുമ്പോൾ...... അതെല്ലാം ഞങ്ങൾ റെക്കോർഡ് ചെയ്യുന്നുണ്ട്. കാരണം പനി കൂടിയില്ലെന്ന് പറഞ്ഞിട്ടൊന്നും അങ്ങനെ മറച്ചുവയ്ക്കേണ്ട കാര്യമൊന്നുമില്ല. എന്നാൽ ചില പകർച്ചപ്പനികളെ തടയാനുള്ള നടപടികൾ ശക്തമാക്കിയിട്ടുണ്ട്. അതിനാൽ പ്രസ്തുത വിഷയത്തിന് അടിയന്തരസാഹചര്യമില്ല.

*13-10-2026*

## *Adjournment Motion*

ശ്രീ. കെ. വി. സുമേഷ്: സർ, ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയുടെ പ്രസ്താവന അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇന്ന് രാവിലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുമ്പോൾ എല്ലാ ചാനലുകളിലും കാണിക്കുന്ന ഒരു വാർത്തയുണ്ട്. അങ്ങയുടെ ഹോം ജില്ലയായ കോഴിക്കോട് ചികിത്സാ പിഴവിനെ തുടർന്ന് ഒരു അമ്മയ്ക്ക് ദാരുണമായ അന്ത്യം സംഭവിച്ചിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയ്ക്ക് പ്രൗഢഗംഭീരമായൊരു പാരമ്പര്യമുണ്ട്, അതിൽ എല്ലാവർക്കും പങ്കുണ്ട്. ആ ആരോഗ്യ മേഖലയിൽ അതീവ സെൻസിറ്റീവായി ദൈനംദിനമായ അഡ്മിനിസ്ട്രേഷൻ അനിവാര്യമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി എത്ര ലാഘവത്തോടെയാണ് ഇവിടെ കാര്യം പറഞ്ഞത്. മന്ത്രിക്ക് കഴിവില്ല എന്നൊന്നും ഞങ്ങൾ പറയില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയിൽ ഒരു സർക്കാർ തുടർച്ചയാണ്. ഞങ്ങൾ തുടരാനാണെങ്കിൽ പിന്നെ നിങ്ങളുടെ ആവശ്യമില്ലല്ലോ; ഞങ്ങൾ അങ്ങ് തുടർന്നാൽ പോരെ? എന്തുപറയുമ്പോഴും കഴിഞ്ഞ അഞ്ച് വർഷക്കാലം അതിനുമുമ്പത്തെ കാലം. കഴിഞ്ഞ പത്ത് വർഷത്തെ കാലം

പറയാനാണെങ്കിൽ ഇലക്ഷന് ജനങ്ങൾ നിങ്ങളെ തിരഞ്ഞെടുക്കേണ്ട കാര്യമില്ലല്ലോ? കഴിഞ്ഞ പത്തോ പതിനഞ്ചോ വർഷം..... ആയിക്കോട്ടെ നിങ്ങൾ അതിനെ ഹണിമൂൺ പിരീഡാണെന്നാണ് പറഞ്ഞത്. ഹണിമൂൺ പിരീഡ് കഴിഞ്ഞ് ഇപ്പോൾ 4 മാസമായി. നമ്മുടെ സംസ്ഥാനത്ത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. ഇത് എൽ.ഡി.എഫ്. അല്ലെങ്കിൽ സി.പി.ഐ.(എം.) പറഞ്ഞതല്ല. സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട മീഡിയയിൽ നിൽക്കുന്ന ഒന്നല്ലേ ഏഷ്യാനെറ്റ്- 'മരുന്നില്ല, സർക്കാർ ആശുപത്രിയിൽ പ്രതിസന്ധി രൂക്ഷം. പ്രതിരോധ മരുന്നുകളടക്കം 209 മരുന്നുകളുടെയും ഉപകരണങ്ങളുടെയും സ്റ്റോക്ക് എത്തിയിട്ടില്ല. ഒരു വശത്ത് മരുന്നുക്ഷാമം രൂക്ഷം മറുവശത്ത് ഗോഡൗണിൽ 101 കോടി രൂപയുടെ മരുന്ന് കെട്ടിക്കിടക്കുന്നു'. 'പ്രതിസന്ധിയിൽ രോഗികൾ വലയുന്നു' മീഡിയ വണ്ണിൽ വന്ന വാർത്തയാണ്. റിപ്പോർട്ടർ ചാനൽ- 'പ്രതിസന്ധി രൂക്ഷം ആശുപത്രിയിൽ സൂപ്രണ്ടുമാർ മരുന്ന് സംഭരിക്കണം ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശബ്ദസന്ദേശം പുറത്ത്, മരുന്നുക്ഷാമത്തിനിടെ സംസ്ഥാനത്ത് പകർച്ച പനി

പടരുന്നു. 2 ദിവസത്തിനിടെ പതിനയ്യായിരം രോഗികൾ. പേരിന് പാരസെറ്റമോൾ പോലും കിട്ടാനില്ല, 'സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം' ന്യൂസ് മലയാളം ചാനൽ. 'മരുന്നുക്ഷാമത്തിൽ വലഞ്ഞ് സംസ്ഥാനത്തെ ആശുപത്രികൾ' ഇതാണ് മാതൃഭൂമി ന്യൂസ് ചാനലിൽ വന്നത്.' നമ്മുടെ സംസ്ഥാനത്ത് ക്യാൻസർ, ഡെങ്കിപ്പനി, എലിപ്പനി, ജീവിതശൈലീ രോഗങ്ങളുടെ ഭാഗമായി കൊടുക്കുന്നത്, പ്രമേഹത്തിന് കൊടുക്കുന്നത്, അസിഡിറ്റിക്ക് കൊടുക്കുന്നത്, അഞ്ചാം പനിയുടെ ഭാഗമായി കൊടുക്കുന്നത്.... ഫാമിലി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥലത്ത്. എല്ലാ എം.എൽ.എ.-മാർക്കും ലഭിക്കുന്ന പരാതികൾ എന്താണ്? മരുന്നുകളെല്ലാം പുറത്തുനിന്ന് വാങ്ങാൻ എഴുതുകയാണ് ഡോക്ടർമാർ. നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേരള മെഡിക്കൽ സർവീസസ്സ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) എന്ന സ്ഥാപനത്തെ വച്ചിരിക്കുന്നത് എന്തിനാണ്? നിങ്ങൾ അധികാരത്തിൽ വന്നിട്ട് 4 മാസങ്ങളായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. കെ.എം.എസ്.സി.എൽ.-ൽ മൂന്ന്

ഐ.എ.എസ്. ഓഫീസർമാരെ നിയമിച്ചു. മൂന്ന് ഐ.എ.എസ്. ഓഫീസർമാരും ചുമതലയേറ്റെടുത്തിട്ടില്ല. ഒരു ഫുഡ് സേഫ്റ്റി ഓഫീസർ ഇപ്പോൾ അതിന്റെ ചുമതല വഹിക്കുകയാണ്. ഇതൊരു പ്രോസസ്സാണ്. ഞങ്ങളെല്ലാം ലോക്കൽ ബോഡി അധ്യക്ഷൻമാരായി ഇരുന്നിട്ടുള്ളവരാണ്. ഓരോ വർഷവും അതിന്റെ കണക്കെടുത്ത് മഴക്കാലം വരുന്നതിനുമുമ്പുതന്നെ അവിടെ സ്റ്റോക്ക് എത്തിച്ച് ആവശ്യമായ മരുന്ന് പർച്ചേസ് ചെയ്ത് അത് വിതരണം ചെയ്യാൻ ഈ സംസ്ഥാനത്ത് ഒരു സിസ്റ്റമില്ലേ? ആ സിസ്റ്റത്തിന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ ഉൾപ്പെടെ വരുന്ന പതിനായിരക്കണക്കിന് രോഗികൾക്ക് ജീവിതശൈലീ രോഗത്തിന്റെ മരുന്ന് പോലും കൊടുക്കാനില്ലെന്നത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മനസ്സിലാക്കണം. ആരോഗ്യ വകപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. ഷർമിള മേരി ജോസഫ് നല്ല ഓഫീസറാണ്. ആരോഗ്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് ഞാൻ കണ്ടു, മന്ത്രി പറയുന്നത് എന്താണ്; ഹെൽത്ത് ഡയറക്ടറുടെ ഫോൺ സന്ദേശം പുറത്തുവന്നു. എന്താണത്? മരുന്നുക്ഷാമം ഉണ്ട്. അതുസംബന്ധിച്ച് പുറത്തുപറയാൻ പാടില്ലെന്നാണ്

സൂപ്രണ്ടുമാർക്ക് ആരോഗ്യ വകുപ്പ് നൽകിയിരിക്കുന്ന നിർദേശം. ഇതൊക്കെ ഞങ്ങൾ പറഞ്ഞതാണോ? പ്രതിപക്ഷ നേതാവ് ശ്രീ. പിണറായി വിജയൻ പറഞ്ഞതാണോ? ഇത് പറഞ്ഞത് ആരാണ്? ഹെൽത്ത് ഡയറക്ടർ പറയുകയാണ്. ഹെൽത്ത് സെക്രട്ടറി പറയുന്നതെന്താണ്, മരുന്നുക്ഷാമമില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത് എന്താണ്? ഞാൻ പറഞ്ഞിട്ട് കേൾക്കുന്നില്ല എന്നാണ്. ഇവർ തമ്മിലുള്ള ഈ തർക്കത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ ജീവൻരക്ഷാ മരുന്ന് പോലും കിട്ടാത്ത സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറുമ്പോൾ ഈ സഭയിലല്ലാതെ വേറെ എവിടെയാണ് ഈ കാര്യങ്ങൾ പറയേണ്ടത്? കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സാ പിഴവ് സംഭവിച്ച കാര്യം ഞാൻ രാവിലെ പറഞ്ഞു. കോട്ടയം മെഡിക്കൽ കോളേജിൽ മരണപ്പെട്ട ആ പാവം അമ്മ, നിങ്ങൾ മനസ്സിലാക്കണം, അവർ സർജറി കഴിഞ്ഞ് വീട്ടിൽ പോകുകയും പിന്നീട് വേദനയുണ്ടെന്ന് പറഞ്ഞപ്പോൾ അവിടത്തെ ഡോക്ടർ പാരസെറ്റമോൾ കൊടുത്തു. ആ രോഗി മരിച്ചു. ഇതുപോലെ ഓരോ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അന്ന് ആരോഗ്യ വകുപ്പുമന്ത്രി രാജി വയ്ക്കണമെന്ന്

നിങ്ങൾ പറഞ്ഞില്ലേ? ഇന്ന് ആരോഗ്യ വകുപ്പുമന്ത്രി രാജി വയ്ക്കണമെന്ന് നിങ്ങൾ പറയുമോ, അതിന് കർശന നടപടി സ്വീകരിക്കണ്ടേ? ആറ്റിങ്ങൽ ഗവൺമെന്റ് ഹോമിയോ ആശുപത്രിയിൽ പിഞ്ചുകുഞ്ഞിന് കാലാവധി കഴിഞ്ഞ മരുന്ന് കൊടുത്ത് കുഞ്ഞിന്റെ മുഖം പൊള്ളി അടരാൻ കാരണമായി. ഇതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്? ആലപ്പുഴയിൽ 67 വയസ്സുള്ള ഒരു അമ്മ ആശുപത്രിയിൽ പോയി അവരുടെ കണ്ണിലെ ലെൻസിന്റെ സർജറി നടന്നപ്പോൾ വേറെ എന്തോ ചെയ്ത് കണ്ണ് കാണാത്ത സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തി. ഓരോ സ്ഥലത്തും സംഭവിക്കുന്ന ചികിത്സാ പിഴവിന്, ഇപ്പോൾ നമ്മുടെ സർക്കാർ ആശുപത്രിയിൽ ഡോക്ടർമാർ രണ്ട് കാര്യം നോക്കണം. സർജറി നടക്കണമെങ്കിൽ ഇലക്ട്രീഷ്യനെ അന്വേഷിച്ച് പോകണം. അല്ലെങ്കിൽ ജനറേറ്ററിന്റെ ആളെ കാണണം. അപ്രഖ്യാപിത പവർകട്ട് മൂലം തൃശ്ശൂർ മെഡിക്കൽ കോളേജിലെ ആൻജിയോ പ്ലാസ്റ്റി ചെയ്യാൻ വന്ന രോഗിയുടെ ശസ്ത്രക്രിയ മാറ്റിവയ്ക്കേണ്ട സാഹചര്യമുണ്ടാകുന്നു. അങ്ങയുടെ സ്റ്റേറ്റ്മെന്റാണോയെന്ന് എനിക്കറിയില്ല. അങ്ങയുടെ സ്റ്റേറ്റ്മെന്റ് വാർത്തയിൽ കണ്ടത് 'കറന്റില്ലെങ്കിൽ സർജറി

മാറ്റിവയ്ക്കണമെന്നാണ് . ഇവിടെ സ്വന്തം വകുപ്പിൽ നടക്കുന്ന ഈ പ്രതിസന്ധി ആരോഗ്യ വകുപ്പുമന്ത്രി മനസ്സിലാക്കണ്ടേ; നിങ്ങൾ ഇക്കാര്യത്തിൽ ഇടപെടണ്ടേ? ജീവനക്കാരുടെ സ്ഥലം മാറ്റത്തെക്കുറിച്ച് അദ്ദേഹം സഭയിൽ പറഞ്ഞു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അങ്ങ് പ്രഗല്ഭനാണ്. ഒരു സംസ്ഥാനത്തെ ഏത് ഭരണമോ ആകട്ടെ, ജീവനക്കാരെ വിശ്വാസത്തിൽ എടുക്കാതെ എങ്ങനെയാണ് നിങ്ങൾ ആശുപത്രിയുടെ നിയന്ത്രണം കൊണ്ടുപോകുന്നത്? സംഘടനാ നേതാക്കൾ പറയുന്നത് കേട്ട് ഹെൽത്ത് ഇൻസ്പെക്ടർ മുതൽ സംസ്ഥാനത്ത് മെഡിക്കൽ കോളേജ് ഉൾപ്പെടെ പ്രധാനപ്പെട്ട ആളുകളെ മാറ്റിയതിന്റെ ഭാഗമായി പല ഡിപ്പാർട്ടുമെന്റുകളും പ്രവർത്തനരഹിതമായി മാറുകയല്ലേ; എന്തിനാണ് അങ്ങനെ മാറ്റുന്നത്? എന്താണ് പെർഫോമൻസിന്റെ ക്രൈറ്റീരിയ; രാഷ്ട്രീയമാണോ? പാനൂരിൽ ഒരു പാവം സ്ത്രീ മരിച്ചു. അവരെ കിലോമീറ്ററുകൾക്ക് അപ്പുറത്തേയ്ക്ക് സ്ഥലംമാറ്റി. ഭരണം മാറുമ്പോൾ മാറ്റം ഉണ്ടാകുമെന്നൊക്കെ എല്ലാവർക്കും അറിയാം. ഇവരൊക്കെ റാഗിങ്ങിന് വന്നതാണോ; വൈരനിര്യാതന ബുദ്ധിക്ക് വന്നതാണോ; പൊളിറ്റിക്കൽ

റിവഞ്ച് ആണോ നിങ്ങൾ നടപ്പിലാക്കുന്നത്? അതിന്റെ ഭാഗമായി ദുര്യോഗം ഉണ്ടാകുന്നത് ആർക്കാണ്; നിങ്ങൾക്ക് തന്നെയാണ് ഉണ്ടാകുന്നത്. ഏതാണ്ട് പതിനേഴായിരം എൻ.എച്ച്.എം.-ന്റെ.... അതേ റാഗിങ്ങിന് വന്നതാണോ? ശ്രീ. പാറയ്ക്കൽ അബ്ദുള്ള നിങ്ങൾ വന്നത് റാഗിങ് മാനസികാവസ്ഥയായിട്ടാണോ ഈ സംസ്ഥാനത്ത് ഭരിക്കാൻ വന്നത്? നിങ്ങൾ ആലോചിക്കണ്ടേ; നിങ്ങൾ എന്താണ് ഇവിടെ ചെയ്യുന്നത്? ഞങ്ങളുടെ ഭരണകാലത്ത് ഒരു സ്ഥലത്തും അനാവശ്യമായി, അന്യായമായി ആ സിസ്റ്റത്തെ ബാധിക്കുന്ന പിണറായി വിജയൻ ഗവൺമെന്റ് ഒരാളെയും സ്ഥലം മാറ്റിയിട്ടില്ല. അത്തരത്തിൽ സ്ഥലം മാറ്റിയിട്ടുണ്ടെങ്കിൽ നിങ്ങൾ പറയൂ; കഴിഞ്ഞ സർക്കാർ ആരെയാണ് മാറ്റിയത്? നിങ്ങൾ ചെയ്യുന്നത് എന്താണ്? ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മനസ്സിലാക്കണം നാഷണൽ ഹെൽത്ത് മിഷന്റെ 17000-ത്തോളം വരുന്ന കരാർ ജീവനക്കാർ സി.പി.ഐ.(എം.) ആണോ; അവരെല്ലാം ഞങ്ങളുടെ പാർട്ടിയുടെ ആൾക്കാരാണോ? ഇവിടെ ശ്രീ. സണ്ണി ജോസഫ് മന്ത്രിക്ക് അറിയില്ലേ, പരിയാരം മെഡിക്കൽ കോളേജിൽ അങ്ങയുടെ നിയോജകമണ്ഡലത്തിൽ

ഫാത്തിമ എന്ന ഒരു സ്ത്രീ മരിച്ചു. അവിടെ വലിയ തർക്കമായി, പ്രശ്നമായി ശ്രീ. വിജിൻ എം.എൽ.എ. പോയിരുന്നു. ഞങ്ങൾ അതൊന്നും കത്തിക്കാൻ പോയിട്ടില്ല. ആ പ്രശ്നം അവിടെ പരിഹരിക്കാനാണ് ശ്രമിച്ചത്. ജില്ലാ ആശുപത്രിയിൽ അങ്ങ് നമ്മുടെ ജില്ലയുടെ ചുമതലയുള്ള മന്ത്രികൂടിയാണ്. ഞങ്ങളുടെ ജില്ലാ ആശുപത്രിയിൽ ദിവസവും പ്രശ്നങ്ങളാണ്. ഡോക്ടർമാരില്ല, കാർഡിയോളജിയുടെ ഭാഗമായി ആളുകളില്ല, അവർ വരുന്നില്ല. ആളുകൾ ചോദിക്കുന്നത് ഞാൻ രാവിലെ 5.45-ന് വന്ന് ക്യൂ നിൽക്കുന്നു. ഏതാണ്ട് പത്ത് മണി ആകുമ്പോഴേക്കും ഡോക്ടർ ഇല്ലായെന്നുള്ള വിവരം വരുന്നു. ഞങ്ങൾ എന്ത് ചെയ്യണം? മേയർ ഉൾപ്പെടെ ഞങ്ങൾ എല്ലാവരും പോയി ആ വിഷയത്തിന്റെ ഭാഗമായി ഇടപ്പെട്ടില്ലേ? 728 ഡോക്ടർമാരില്ല, 113 അസിസ്റ്റന്റ് സർജൻമാർ ഇല്ല. പാലക്കാട് ജില്ലയിൽ ഒരു ഫോറൻസിക് സർജൻ മാത്രമാണുള്ളത്. ബോഡി പോസ്റ്റ്മോർട്ടത്തിനായി തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് പോകണം. നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യമേഖല വെന്റിലേറ്ററിലാണ്, അപകടകരമായ സ്ഥിതിയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപ്പെട്ടുകൊണ്ട് ഈ വിഷയങ്ങൾ

പരിഹരിക്കുന്നില്ലെങ്കിൽ സാധാരണക്കാരായ മനുഷ്യർ എവിടെ പോകും? പത്ത് വർഷത്തെ കണക്കും പറഞ്ഞ് എത്ര കാലമാണ് നിങ്ങൾക്ക് മുന്നോട്ട് പോകാൻ സാധിക്കുന്നത്? നിങ്ങൾ ഈ സംസ്ഥാനത്തെ ജനങ്ങൾ തിരഞ്ഞെടുത്ത ഉത്തരവാദിത്വമുള്ള സർക്കാരാണ്. നിങ്ങൾ ആ ഉത്തരവാദിത്വം കാണിക്കണം. ആരോഗ്യ വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ജീവന് ഭീഷണിയാകുന്ന സ്ഥിതിയിലേക്ക് മാറുന്ന സാഹചര്യത്തിലാണ് ഇങ്ങനെ അടിയന്തര പ്രമേയം ഇവിടെ അവതരിപ്പിക്കാൻ സന്നദ്ധമായത്. അത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞാൻ അഭ്യർഥിക്കുന്നത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, അധികാരം നഷ്ടപ്പെട്ട സങ്കടത്തിലുള്ള രോഗത്തിനുള്ള മരുന്ന് മാത്രമെ സ്റ്റോക്കില്ലാതെയുള്ളൂ. ബാക്കിയെല്ലാത്തിനും മരുന്നുണ്ട്. ഈ പറയുന്ന ഒരു മരുന്നും, അന്വേഷിച്ചോളൂ... ഏതെങ്കിലും മെഡിക്കൽ സ്റ്റോറുകളിൽ അത്യാവശ്യം വേണ്ട മരുന്നില്ലെങ്കിൽ അതിനുള്ള കാര്യങ്ങൾ ഏൽപ്പിക്കാനുള്ള ഉത്തരവാദിത്വപ്പെട്ട സംവിധാനം

.....ബഹളം.....എച്ച്.എം.സി-...(ബഹളം)....അതല്ലാതെ ഇല്ലാത്ത കാര്യം പറഞ്ഞിട്ട് കാര്യമില്ല. (ബഹളം)...... അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇങ്ങോട്ട് കേട്ടല്ലോ; അങ്ങോട്ട് പറയുന്നതും കേൾക്കണം........(ബഹളം)......

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്....അദ്ദേഹം സംസാരിക്കട്ടെ, .................

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, കഴിഞ്ഞ പത്തുവർഷക്കാലം മരുന്ന് വാങ്ങുന്നതിൽപ്പോലും കമ്മിഷൻ വാങ്ങിച്ചവരാണ് ഇവർ. ഓരോ മരുന്നിനും കമ്മിഷൻ, മന്ത്രിക്ക് കമ്മിഷൻ, പാർട്ടിക്ക് കമ്മിഷൻ ഇതൊക്കെയാണ് കഴിഞ്ഞ പത്തുവർഷക്കാലം ഇവിടെ നടന്നത്............(ബഹളം) ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് സാധാരണ ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്ന് നൽകുന്നതിനാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ചികിത്സാ പിഴവിനെക്കുറിച്ച് എന്തെങ്കിലുമുണ്ടെങ്കിൽ സർക്കാർ നടപടി സ്വീകരിക്കും. ഇതിൽ പറഞ്ഞ പലതും ഊതി വീർപ്പിച്ച കഥകളാണ്. ഇവർ അമേരിക്കൻ ബ്ലാക്ക് സ്റ്റോണിന്റെ ഏജന്റുമാരായി ചില സ്വകാര്യ ആശുപത്രികൾക്കുവേണ്ടി

പണിയെടുക്കുന്നവരാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ എന്താണ് നടക്കുന്നത്; ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി ഇങ്ങനെയാണോ സഭയിൽ മറുപടി പറയേണ്ടത്? പരിണിതപ്രജ്ഞനായ അങ്ങ് ചെയറിലിരിക്കുമ്പോൾ സഭയിൽ സ്വീകരിക്കാൻ പാടില്ലാത്ത സമീപനം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചാൽ അതിനെക്കുറിച്ച് ഒരു പരാമർശം അങ്ങയുടെ ഭാഗത്തുനിന്നും വേണ്ടേ?

*13-10-2026*

*Adjournment Motion*

മി. സ്പീക്കർ: അങ്ങ് സംസാരിക്കാൻ തുടങ്ങിയപ്പോൾ എല്ലാം ശാന്തമായി. അതോടുകൂടി എന്റെ പരാമർശത്തിന്റെ ആവശ്യമില്ലാതായി, അതുകൊണ്ടാണ്. അങ്ങ് തുടർന്നോളൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ നാടിനൊരു പ്രത്യേകതയുണ്ട്. അത് കാലാകാലങ്ങളായി നാം നേടിയെടുത്ത പ്രത്യേകതയാണ്. നമ്മുടെ സമൂഹത്തിനോട് മാത്രമല്ല, നമ്മുടെ വിദ്യാഭ്യാസം/ആരോഗ്യം എന്നിവ രാജ്യവും ലോകവും ശ്രദ്ധിക്കുന്ന മേഖലകളാണ്. അതുകൊണ്ടുതന്നെ പൊതുവെ കേരളത്തെക്കുറിച്ച് മതിപ്പോടെയാണ് രാജ്യമാകെ കാണുന്നത്. കോവിഡ്-19 മഹാമാരി, ലോകത്തെ വൻ സാമ്പത്തികശേഷിയുള്ള രാഷ്ട്രങ്ങളടക്കം അതിനുമുന്നിൽ മുട്ടുകുത്തിപ്പോയതാണ്. (ബഹളം)............

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ......പ്ലീസ്.....ലീഡർ ഓഫ് ഓപ്പോസിഷനാണ്..........ബഹളം................

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): സർ, നമുക്ക് നാടിനോട് ബഹുമാനം വേണം. നാടിനെ അമ്മയെപ്പോലെ കാണണം.

അവിടെ സീറ്റിലിരുന്നുകൊണ്ട് പറയുന്നവർ അത് ഓർമ്മിച്ചാൽ നല്ലതാണ്. കോവിഡ്-19 കാലത്ത് ഇവിടെ എൽ.ഡി.എഫ്. സർക്കാരായിപ്പോയി എന്നുള്ളതുകൊണ്ട് അന്നുള്ള നേട്ടങ്ങളെ ആക്ഷേപിക്കേണ്ടതില്ല. ലോക രംഗത്ത് ഏറ്റവും സമ്പൽസമൃദ്ധമെന്ന് കണക്കാക്കുന്ന രാഷ്ട്രങ്ങളിലടക്കം വെന്റിലേറ്റർ കിട്ടാതെ, വെന്റിലേറ്ററിലേക്ക് പ്രവേശിപ്പിക്കാനുള്ള രോഗികൾ എത്തുമ്പോൾ ഒരു വെന്റിലേറ്ററിലുള്ള രോഗിയെ വെന്റിലേറ്റർ ബന്ധം വിഛേദിച്ചുമാത്രമെ അവിടെ പ്രവേശിപ്പിക്കാൻ കഴിയൂ. സാധാരണ ഗതിയിൽ ഒരു ഡോക്ടർക്കും അത് ചെയ്യാൻ കഴിയില്ല. കാരണം ആ ബന്ധം വിഛേദിച്ചാൽ എന്താണ് സംഭവിക്കുകയെന്നറിയാം. സംഭവിച്ചില്ലേ; സമ്പൽസമൃദ്ധമായ രാഷ്ട്രത്തിലടക്കം സംഭവിച്ചില്ലേ; കേരളത്തിൽ എവിടെയെങ്കിലും വെന്റിലേറ്ററുണ്ടായില്ല എന്നതുകൊണ്ട് പ്രവേശനം നിഷേധിക്കുന്ന അവസ്ഥയുണ്ടായോ; ഏതെങ്കിലും വെന്റിലേറ്ററിൽ കിടക്കുന്ന ആളുകളെ മാറ്റേണ്ടതായി വന്നോ? കേരളത്തിൽ എല്ലാ കാര്യത്തിലും നാം മികച്ചുനിൽക്കുകയായിരുന്നു. കേരളത്തിലെ പൊതുവിലുള്ള ആശുപത്രി ബെഡുകൾ, ഐ.സി.യു. ബെഡ്ഡുകൾ, ഓക്സിജൻ ബെഡ്ഡുകൾ മേല്പറഞ്ഞ

വെന്റിലേറ്ററുകൾ ഇതെല്ലാം ആവശ്യത്തിലധികം ഇവിടെയുണ്ടായിരുന്നു. എങ്ങനെ വന്നതായിരുന്നു അത്; കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി ആർദ്രം മിഷനിലൂടെ നാം നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി വന്നതാണ്. എൽ.ഡി.എഫ്.-നോടുള്ള വിരോധം വച്ച് അത് ആകെ നിഷേധിക്കാൻ പുറപ്പെടേണ്ട കാര്യമുണ്ടോ, ഇന്ന് എവിടെ എത്തി; നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ ആശ്രയമാണല്ലോ സർക്കാർ ആശുപത്രി. അവിടെ ഇപ്പോൾ മരുന്നുണ്ടോ; ഇല്ലാത്ത മരുന്ന് എത്തിക്കുന്നതിനുള്ള നടപടിയുണ്ടോ; ആവശ്യത്തിന് ഡോക്ടർമാരുണ്ടോ; ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചോ? ഇതൊക്കെ അത്യന്തം ലജ്ജാകരമായ കാര്യമാണ്. കടുത്ത ജനദ്രോഹപരമായ നടപടിയാണ്. ആരോഗ്യ മേഖലയിൽ നിരവധി പ്രശ്നങ്ങളുണ്ട്, പരിഹരിക്കാൻ അലാവുദ്ദീന്റെ അത്ഭുതവിളക്കൊന്നും എന്റെ കയ്യിലില്ല എന്ന് ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി ഒരുതവണ പരസ്യമായി പ്രതികരിക്കുകയുമുണ്ടായി. കേരളത്തിന്റെ ആരോഗ്യ രംഗമെന്നത് രാജ്യത്തിന്റെ പ്രകാശ ഗോപുരമാണ്. അവിടെ ഒരുകാര്യം മാത്രം ചെയ്താൽ മതി. ആരോഗ്യ രംഗത്തെ വിളക്ക്

കെട്ടുത്താതിരുന്നാൽ മതി. വേറെ അത്ഭുതവിളക്കൊന്നും തേടി പോകേണ്ട കാര്യമില്ല. എന്താണ് ഇവിടത്തെ പ്രശ്നം; പിടിപ്പുകേടിന്റെ പ്രശ്നമാണ്. അതാണ് യഥാർത്ഥത്തിലുള്ളത്. സമീപനം ആത്മാർത്ഥതയില്ലാത്തതാണ്. അതിന്റെ ഭാഗമായി ഉയർന്നുവരുന്ന പ്രശ്നമാണ്. ഇവിടെ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി മറ്റൊരു ഘട്ടത്തിൽ പറഞ്ഞു; ഇവിടെ മരുന്ന് ക്ഷാമമില്ല. ചില മരുന്നുകളുടെ കുറവ് മാത്രമെയുള്ളൂ. ആ കുറവുതന്നെയല്ലേ ക്ഷാമം. മരുന്നുകളുടെ കുറവുള്ളതുതന്നെയാണ് ക്ഷാമമെന്നത്. ആരോഗ്യവകുപ്പ് ഡയറക്ടർ എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും അതീവ രഹസ്യമായി അയച്ച വാട്സ് ആപ്പ് സന്ദേശം മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നല്ലോ. അതുസംബന്ധിച്ച കാര്യങ്ങൾ മാധ്യമങ്ങൾക്ക് നൽകാൻ പാടില്ലെന്ന കർശന നിർദേശമാണല്ലോ നൽകിയത്. ആളുകൾ ആശുപത്രികളിൽ മണിക്കൂറുകൾ ക്യൂ നിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. മരുന്ന് ലഭിക്കാതെ നിരാശരായി മടങ്ങേണ്ടിവരുന്ന അവസ്ഥയുമുണ്ട്. ആ കാര്യങ്ങളെല്ലാം കേരളത്തിലെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ്. നാം അതീവ ഗൗരവത്തോടെ ശ്രദ്ധിക്കുന്ന ഒരു മേഖലയാണ് അട്ടപ്പാടി

മേഖല. അവിടെ രണ്ട് നവജാത ശിശുക്കളടക്കം നാല് കുഞ്ഞുങ്ങൾ അടുത്ത നാളുകളിൽ മരണപ്പെട്ടിരുന്നു. ആർക്കാണ് അതിന്റെ ഉത്തരവാദിത്വം? ആരോഗ്യ വകുപ്പ് ജീവനക്കാരെ കൂട്ടത്തോടെ സ്ഥലം മാറ്റിയിരിക്കുന്നു. മാത്രമല്ല, അട്ടപ്പാടിയിൽ ഏഴ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ പരിചരണവും ചികിത്സയും നിഷേധിക്കുന്ന നില വരികയാണ്. അവിടത്തെ ഊരുകളിൽ നേരത്തെ ആരോഗ്യ പ്രവർത്തകരുണ്ടായിരുന്നു. ഇപ്പോൾ ആരോഗ്യ പ്രവർത്തകരില്ല, മരുന്നില്ല. അവിടെ ആവശ്യമായ സേവനം നൽകാൻ മൊബൈൽ മെഡിക്കൽ യൂണിറ്റുണ്ടായിരുന്നു. ഇപ്പോൾ അത് കട്ടപ്പുറത്താണ്. സാധാരണ നിലയ്ക്കുള്ള ഒരു ശിശുമരണമല്ല ഇത്. സർക്കാരിന്റെ അനാസ്ഥയാണ് കുഞ്ഞുങ്ങളുടെ ജീവനെടുക്കുന്ന നിലയുണ്ടാക്കിയെന്നത് ഗൗരവമായി നാം കാണണം. ഇത് അട്ടപ്പാടി എന്നൊരു പ്രദേശത്തെ മാത്രം ബാധിക്കുന്ന കാര്യമല്ല. കേരളത്തിന്റെ മൊത്തം ഒരു ചിത്രം ഇങ്ങനെ വരുന്നുവെന്നുള്ളത് ഗൗരവമായി കാണണം. മരുന്നുക്ഷാമത്തിന്റെ ഉത്തരവാദിത്വം മുൻ സർക്കാരിൽ ആരോപിക്കുന്ന

രീതിയാണ് നിരവധി തവണ കണ്ടത്. പക്ഷേ, ഇന്നലെ വകുപ്പുമന്ത്രിതന്നെ സഭയിൽ മറുപടി നൽകി; മറ്റ് വിശദാംശങ്ങളിലേക്ക് ഇപ്പോൾ പോകുന്നില്ല; ഇന്നും അദ്ദേഹം അത് സൂചിപ്പിച്ചു. മുൻ സർക്കാർ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി, 2025 ഡിസംബറിൽ മരുന്നുകൾക്കുള്ള ടെൻഡർ പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ ഭാഗമായി 854 ഇനങ്ങളുള്ള ടെൻഡറിൽ 237 പേർ പങ്കെടുക്കുകയും അതിൽ 214 പേർ സാമ്പത്തിക മൂല്യനിർണ്ണയത്തിൽ യോഗ്യത നേടുകയും ചെയ്തു. 493 ഇനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകാൻ എം.ഡി.-യെ ചുമതലപ്പെടുത്തി. 171 ഇനങ്ങൾ വാങ്ങുന്നതിന് കൃത്യമായ വ്യവസ്ഥകളും രേഖപ്പെടുത്തി. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തലപ്പത്ത് ആളില്ലായെന്നതാണ് ഇവിടത്തെ യഥാർത്ഥ പ്രശ്നം. ബഹുമാന്യനായ മന്ത്രി അദ്ദേഹത്തിന്റെ ആമുഖ മറുപടിയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്തുള്ള ഒരു മലയാള മനോരമ റിപ്പോർട്ട് വളരെ വിശദമായി ഉദ്ധരിക്കുന്നത് കണ്ടു. സെപ്റ്റംബർ മാസം 22- ാം തീയതി മലയാള മനോരമ പ്രസിദ്ധീകരിച്ച ഒരു വാർത്തയാണിത്, 'കെ.എം.എസ്.സി.എൽ. തലപ്പത്തെ മാറ്റം, സർക്കാർ

ആശുപത്രികളിൽ മരുന്നിനുപോലും മരുന്നില്ല, മാനേജിങ് ഡയറക്ടർ ചുമതലയേൽക്കാത്തതും റീ-ടെൻഡർ നടപടികൾ പൂർത്തിയാക്കാത്തതും പ്രതിസന്ധി'. ഇത് വായിക്കുന്നതിൽ അവർക്കും താൽപര്യമായിരിക്കുമെന്നുള്ളതുകൊണ്ട് ഞാൻ അല്പഭാഗം വായിക്കാം.

മി. സ്പീക്കർ: 10 മിനിറ്റ് എക്സീഡ് ചെയ്തു.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ സമയത്തിനുള്ളിൽ നിർത്താം.

മി. സ്പീക്കർ: അങ്ങയുടെ ഇഷ്ടം.

ശ്രീ. പിണറായി വിജയൻ: സർ, "കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തലപ്പത്തെ മാറ്റങ്ങളും റീ-ടെൻഡർ നടപടികൾ പൂർത്തിയാക്കാത്തതും സർക്കാർ ആശുപത്രികളിൽ പാരസെറ്റമോൾ ഉൾപ്പെടെയുള്ള അവശ്യ മരുന്നുകളുടെ കടുത്ത ക്ഷാമത്തിലേക്ക് വഴിതുറക്കുന്നു." ഞാൻ പറയുന്നതല്ല, മലയാള മനോരമ പത്രത്തിൽ വന്നതാണ്. "മുറിവിൽ വച്ചുകെട്ടാൻ പഞ്ഞിപോലും ഇല്ലാത്ത അവസ്ഥയിലാണ് പല ആശുപത്രികളും." മലയാള മനോരമ പറയുന്നതാണ്. കാൻസർ പ്രതിരോധ മരുന്ന്, ആന്റി ബയോട്ടിക്.........

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): അതിന് ശേഷമുള്ളത് വായിക്കണം. (....ബഹളം....)

ശ്രീ. പിണറായി വിജയൻ: സർ, അതിനുശേഷമുള്ളത് എന്റെ കൈവശമുണ്ട്. 4-ാം തീയതിയിലേതുണ്ട്, അതും വായിക്കാം. ബഹുമാന്യനായ മന്ത്രി, ഞാനത് വായിക്കാം. ദേശാഭിമാനി അല്ല, മലയാള മനോരമയാണ്. അത് ഞാൻ വായിക്കാം. ഞാൻ പറഞ്ഞില്ലേ; അവർക്കത് താൽപര്യമാണ്. അങ്ങ് സമയം തരണം. ഞാൻ അതുകൂടി വായിക്കാം, അതിനുശേഷമുള്ളതും. "കാൻസർ പ്രതിരോധ മരുന്ന്, ആന്റിബയോട്ടിക്കുകൾ, പ്രമേഹ ഹൃദ്രോഗ മരുന്നുകൾ എന്നിവയ്ക്കും കടുത്ത ക്ഷാമമാണ്. അത്യാവശ്യഘട്ടങ്ങളിൽ ലോക്കൽ പർച്ചേസ് നടത്തിയാണ് പല ആശുപത്രികളും പിടിച്ചുനിൽക്കുന്നത്. റീ-ടെൻഡർ നടപടികളും മരുന്നിന്റെ നിലവാര പരിശോധനയും പൂർത്തിയാക്കി ഇതുവരെ ഓർഡർ നൽകിയിട്ടില്ല.” ഇതെല്ലാം മലയാള മനോരമയിൽ പറയുന്നതാണ്. ഇത് സെപ്റ്റംബർ മാസത്തിലേതാണെന്ന് അദ്ദേഹം പറഞ്ഞു. ഒക്ടോബർ മാസത്തെ മലയാള മനോരമ നോക്കാം. ഇത് ഒക്ടോബർ 4-ാം

തീയതിയിലേതാണ്, ഇന്ന് പതിമൂന്നാണല്ലോ. "റീഏജന്റ് കിട്ടാനില്ല, ലാബ് പരിശോധനകൾ നടത്താനാകാതെ രോഗികൾ, ബയോകിറ്റുകളും കിട്ടാനില്ലെന്ന് പരാതി; രോഗനിർണ്ണയത്തിനായുള്ള റീഏജന്റ് ക്ഷാമംമൂലം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലാബ് പരിശോധനകൾ ദിവസങ്ങളായി മുടങ്ങുന്നത് രോഗികളെ വലയ്ക്കുന്നു. ബയോകെമിസ്ട്രി ലാബ്, ക്ലിനിക്കൽ പത്തോളജി ലാബ്, മൈക്രോബയോളജി ലാബ് എന്നിവിടങ്ങളിലെ പരിശോധനകളാണ് നിലച്ചത്. പരിശോധനകൾക്കാവശ്യമായ കെമിക്കലുകൾ ലഭിക്കാത്ത സാഹചര്യത്തിൽ രണ്ടോമൂന്നോ ദിവസത്തേക്ക് മറ്റിടങ്ങളിൽ നിന്നെത്തിച്ചാണ് നിലവിൽ പ്രതിസന്ധിക്ക് പരിഹാരം കാണുന്നത്. ഏറ്റവും കൂടുതൽ ആളുകൾ ചികിത്സ തേടിയെത്തുന്ന തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ലാബിൽ നിലവിൽ പ്രതിസന്ധിയില്ല. പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി, ഫോർട്ട് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലും റീഏജന്റുകൾ സ്റ്റോക്കുണ്ട്. പുതിയ സ്റ്റോക്ക് എത്തിയില്ലെങ്കിൽ അടുത്ത ആഴ്ചയോടെ ഇവിടങ്ങളിലും പ്രതിസന്ധിയുണ്ടാകും." ഇതാണ് അങ്ങ്

പറഞ്ഞത്. "സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ട സ്ഥിതി. ഇന്നലെ മെഡിക്കൽ കോളേജ് മൈക്രോബയോളജി ലാബിൽ സി.ആർ.പി., എച്ച്.സി.വി., എച്ച്.ജി.വി. വൈറസ് പരിശോധനകൾ നടന്നില്ല. ക്ലിനിക്കൽ പത്തോളജി ലാബിൽ ദിവസങ്ങളായി ഇ.എസ്.ആർ. പരിശോധനയില്ല." ഇങ്ങനെ പോകുകയാണ്, ഞാൻ എല്ലാം വായിക്കുന്നില്ല. പ്രശ്നമെന്താണ്? കേരളത്തിലെ മരുന്ന് സംഭരണവും വിതരണവുമെല്ലാം അവതാളത്തിലായിരിക്കുന്നു. ഇതിനുപിന്നിൽ എന്തെങ്കിലും രഹസ്യ അജണ്ടയുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്. ഇതെല്ലാം സുതാര്യമായി നടക്കേണ്ട കാര്യമാണല്ലോ; അദ്ദേഹം ഇവിടെ കമ്മീഷന്റെ കാര്യം പറയുന്നത് ശ്രദ്ധയിൽപ്പെട്ടു. അത് സ്വന്തം അനുഭവത്തിലൂടെ പറയുന്നതായിരിക്കുമല്ലോ; അതിന്റെ ഭാഗമായി പറഞ്ഞ കാര്യമാണല്ലോ; കേരളത്തിലെ താൽപര്യമുള്ള സ്വകാര്യ കമ്പനികളുമായുള്ള ഡീലിന്റെ ഒരു ഭാഗം ഇതിന്റെയെല്ലാം ഭാഗമായി വരുന്നുണ്ടോ; അത് ഗൗരവമായി പരിശോധിക്കണം. ടെൻഡർ നടപടികളിലേക്ക് നീങ്ങിയതാണ്. ഓർഡർ നൽകേണ്ട പ്രശ്നം മാത്രമേയുള്ളൂ. അതാണ് നടക്കാതായിട്ടുള്ളത്. അതിന്റെ

പിന്നിൽ മറ്റെന്തെങ്കിലുമുണ്ടോ; നൂറു കണക്കിന് മെഡിക്കൽ ഓഫീസർ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. നാഷണൽ ഹെൽത്ത് മിഷനെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. പതിനേഴായിരം ജീവനക്കാരാണ്, അവരെല്ലാം പിരിച്ചുവിടൽ ഭീഷണിയിലാണ്. എന്താണ് അദ്ദേഹം പറഞ്ഞത്; നിങ്ങൾ........

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്...

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അവസാനിപ്പിക്കുകയാണ്. കരാർ അനുസരിച്ചുള്ള കാലാവധി പൂർത്തിയാകുമ്പോൾ പിരിഞ്ഞുപോകണമെന്നാണ്. എത്രവർഷമായി അവരവിടെ തുടരുന്നു; വർഷങ്ങളായി തുടർന്നുവരുന്നവരാണ്. ഇവർ കാണുന്നതുപോലെ അവരെല്ലാം ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടികളുടെ ആളുകളാണോ; എല്ലാ വിഭാഗത്തിലും ഉൾപ്പെട്ടവരല്ലേ; ഇതെല്ലാം മറ്റ് ചില കാര്യങ്ങൾക്കുവേണ്ടി മാത്രം ചെയ്യുന്നതല്ലേ; പിരിഞ്ഞുപോകുമ്പോൾ, പിരിഞ്ഞുപോകുന്നവർക്ക് ജോലി ലഭിക്കുന്നതിനുവേണ്ടി മറ്റ് വഴികൾ അവർ തേടണം. ആ മറ്റ് വഴികളെ പ്രോത്സാഹിപ്പിക്കുന്ന നിലയാണ്. ഇവിടെ,

അഭിമാനപൂർവം ഞങ്ങൾക്ക് പറയാൻ സാധിക്കും, 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ അതിനുമുമ്പുണ്ടായിരുന്ന യു.ഡി.എഫ്. സർക്കാർ നിയമിച്ച ഒട്ടേറെ താൽക്കാലിക ജീവനക്കാരുണ്ടായിരുന്നു. ആരെയെങ്കിലും പിരിച്ചുവിട്ടോ; ഒരാളെയും പിരിച്ചുവിട്ടില്ല. (......ബഹളം.....) അവർ സർവീസിൽ തുടർന്നു. അതാണ് ഒരു സർക്കാർ സ്വീകരിക്കേണ്ട സമീപനം. സർക്കാരെന്ന് പറയുന്നത് പെട്ടെന്ന് എന്തോ കയ്യിൽ കിട്ടുന്നതല്ല, തുടർച്ചയാണ്. തുടർച്ചയാണെന്നുള്ള ധാരണ വേണം. മുഴുവൻ ആളുകളെയും പിരിച്ചുവിട്ട്, അതിനുശേഷം ചില ഭാഗ്യവാന്മാർക്ക്, അദ്ദേഹം പറഞ്ഞല്ലോ, നല്ല കഴിവുറ്റവരെന്ന്, ആ ഭാഗ്യവാന്മാരെ പ്രത്യേകമായി തിരഞ്ഞെടുത്ത് നിയമിക്കുന്നതിനുപിന്നിൽ മറ്റ് ചില കളികളാണ്. അത് പ്രോത്സാഹിപ്പിക്കാവുന്നതാണോ; അതുപോലെ ആയിരക്കണക്കിന് ആളുകളെ ഇപ്പോൾ പിരിച്ചുവിട്ടു കഴിഞ്ഞിരിക്കുന്നു. ഇനിയും പിരിച്ചുവിടൽ ഭീഷണി നിലനിൽക്കുകയാണ്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജീവനക്കാർ കടുത്ത ജോലി സമ്മർദ്ദത്തിലാണ്. ചെറിയ സമ്മർദ്ദമല്ല. ചികിത്സാപിഴവുകൾ സംഭവിക്കുന്നു, മരണം സംഭവിക്കുന്നു,

നാട്ടിൽ വലിയ തോതിൽ പകർച്ചവ്യാധി പടർന്നുപിടിക്കുന്നു. വൻകിട അന്താരാഷ്ട്ര കോർപ്പറേറ്റ് ആശുപത്രികൾ കേരളത്തിൽ വന്നുകഴിഞ്ഞു എന്നത് ഗൗരവമായി കാണേണ്ട കാര്യമാണ്. അവർ പല മേഖലയിലേക്കും കടക്കാൻ ശ്രമിക്കുന്നുണ്ട്. അവരുടെ സ്വാധീനം വലിയ തോതിൽ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. ചികിത്സാ രംഗം വൻകിട കോർപ്പറേറ്റ് ആശുപത്രികൾക്ക് അടിയറ വയ്ക്കാനുള്ള ഉദ്ദേശ്യം ഇതിന്റെയെല്ലാം പിന്നിലുണ്ടോയെന്ന് സംശയിക്കേണ്ടതായിട്ടുണ്ട്. അതിനാൽ ഇത്രയും ഗൗരവമായ പ്രശ്നങ്ങൾ, മനുഷ്യ ജീവനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നമ്മൾ ചർച്ച ചെയ്യുന്നില്ലെങ്കിൽ വേറെ എന്താണ് നാം ചർച്ച ചെയ്യുക; ഈ നിഷേധാത്മകമായ ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

*13-10-2026*

## *Adjournment Motion*

ശ്രീ. കെ. രാജൻ: സർ, വളരെ ഗൗരവമേറിയ വിഷയമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും നമ്മളെല്ലാവരും ചേർന്ന് അത് വിപുലമായി ചർച്ച ചെയ്യാനും വേണ്ടിയുള്ള ഒരു അവസരമൊരുക്കാൻ ഇവിടെ ...........

മി. സ്പീക്കർ: അങ്ങ് കഴിഞ്ഞ പ്രാവശ്യം വളരെ മാതൃകയായിട്ടാണ് പെരുമാറിയത്. കുറച്ചൊന്ന് ലിമിറ്റ് ചെയ്താൽ നമുക്ക് സമയത്തിന്റെ നിയന്ത്രണത്തിൽ നിൽക്കാൻ സാധിക്കും.

ശ്രീ. കെ. രാജൻ: സർ, അങ്ങ് എന്നോട് വ്യക്തിപരമായി പറഞ്ഞ സമയത്തിൽനിന്നും ഒരുമിനിട്ട് പോലും കൂടുതൽ എടുക്കില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ വിഷയത്തിലേക്ക് കടക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വളരെ സിമ്പിളായി ഈ പ്രശ്നത്തെ കണ്ടു എന്ന വളരെ പ്രധാനപ്പെട്ട പരാതി അങ്ങേയ്ക്കുൾപ്പെടെ ഉണ്ടാകുമെന്ന് എനിക്കറിയാം. ഇപ്പോൾ കേരളത്തിലെ ആശുപത്രികളിൽ എല്ലായിടത്തും മരുന്നുകൊണ്ട് സമ്പന്നമാണ്, ഞങ്ങളുടെ നിയോജകമണ്ഡലത്തിലെ ആശുപത്രികൾ മരുന്നുകൊണ്ട് സമ്പന്നമാണ്, അക്കാര്യത്തിൽ ഞങ്ങൾക്ക് തർക്കമില്ല എന്ന്

അഭിമാനത്തോടെ പറയാൻ കഴിയുന്ന, അത്ര ഉറപ്പോടെ പറയാൻ സാധിക്കുന്ന എത്ര എം.എൽ.എ.-മാരുണ്ടാകും. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയോ ഐക്യജനാധിപത്യ മുന്നണിയുടെയോ ഭരണകാലത്തിന്റെ പരസ്പര തർക്കമല്ല. കെ.എം.എസ്.സി.എൽ. രൂപീകരിച്ചതുതന്നെ നാട്ടിലെ മരുന്ന് കൊള്ളക്കാരായ കമ്പനികളെ ഒഴിവാക്കി സുതാര്യമായ നടപടികളിലൂടെ ആവശ്യമായ മരുന്നുകൾ കൊണ്ടുവരാനല്ലേ; മരുന്നിന്റെ പട്ടിക പരിഷ്കരിക്കും, ഇൻഡന്റ് ശേഖരിക്കും, അതിന്റെ വിതരണാനുമതിയും വിതരണ ഉത്തരവുകളും നൽകും, ഇൻഡന്റുകൾക്കനുസരിച്ചും വാർഷിക ബജറ്റിനനുസരിച്ചും പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ളിടത്ത് മരുന്നുകൾ എത്തിക്കുമെന്ന സുതാര്യമായൊരു പ്രക്രിയ നടത്തേണ്ട സ്ഥാനത്ത്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ കഴിഞ്ഞ കുറേക്കാലമായി കെ.എം.എസ്.സി.എൽ.-ന് ഐ.എ.എസ്.-കാരനായ ഒരു എം.ഡി.പോലും ഇല്ലാതിരിക്കുന്നതിന്റെ പിന്നിലെ സംഭവങ്ങളെന്താണെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പരിശോധനയ്ക്ക് വിധേയമാക്കുന്നത്

നല്ലതായിരിക്കും എന്നാണ് എന്റെ അഭിപ്രായം. എന്തിനാണ് കെ.എം.എസ്.സി.എൽ.-ന്റെ ക്വാളിറ്റി ടെസ്റ്റ് നടത്തുന്ന യൂണിറ്റ് പിരിച്ചുവിട്ടത്? അത് ഡ്രഗ് കൺട്രോൾ വിഭാഗത്തോട് ചെയ്യാൻ പറഞ്ഞിട്ടുണ്ട് എന്നായിരിക്കും മറുപടി. ഡ്രഗ് കൺട്രോൾ വിഭാഗത്തിന് ചെയ്യാൻ കഴിയുന്ന ഒരു ജോലിയോ അതിനനുസരിച്ചുള്ള സ്റ്റാഫോ ആ വിഭാഗത്തിലുണ്ടോ? ക്വാളിറ്റി കൺട്രോൾ നടത്താൻ ക്വാളിറ്റി കൺട്രോൾ ചെക്ക് ചെയ്യുന്ന വിഭാഗത്തെതന്നെ പിരിച്ചുവിടുന്ന അപമാനകരമായ ഒരു നടപടിയുണ്ടായില്ലേ. യുദ്ധം ഉണ്ടായാലും പ്ലാറ്റിനത്തിന് വില കൂടിയാലും മുൻ സർക്കാരിന്റെ കാലത്ത് ഇതേ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥൻമാർതന്നെ ഇൻഡന്റ് വാങ്ങി സുതാര്യമായ ഗ്ലോബൽ ടെൻഡർ നടത്തി തയ്യാറാക്കിയ ടെൻഡറിൽ പർച്ചേസ് ഓർഡർ കൊടുക്കാൻ എന്തുകൊണ്ടാണ് കെ.എം.എസ്.സി.എൽ.-ന് കഴിയാതെവരുന്നത്? മെഡിസിൻ തീരുമ്പോൾ അപ്പപ്പോൾ കണക്കെടുക്കാൻ കെ.എം.എസ്.സി.എൽ.-ന് ചുമതലയുണ്ട്. ഇ-ഹെൽത്ത് ഉള്ളതിനാൽ റെക്കോർഡിക്കലായ കണക്ക് മിനിറ്റുകൾക്കകം ചെയ്യാനുള്ള

സംവിധാനമുണ്ട്. പ്രതിമാസം ചെക്ക് ചെയ്ത് അപ്പപ്പോൾതന്നെ ടെൻഡർ കൊടുക്കാനുള്ള നടപടികൾ ഇത്രയേറെ വൈകുന്നതിന്റെ പിന്നിലുണ്ടാകുന്ന പ്രശ്നങ്ങൾ കേരളത്തിലെ ജനങ്ങൾ അനുഭവിക്കുകയല്ലേ. കെട്ടിക്കിടക്കുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ നമ്മൾ ചിരിച്ചല്ലോ. യഥാർത്ഥത്തിൽ, കാലാവധി കഴിഞ്ഞ മരുന്ന് അപ്പപ്പോൾ മാറ്റേണ്ട ഉത്തരവാദിത്വമുള്ളവർ അത് ചെയ്തില്ലെങ്കിൽ ആ വിധത്തിലുള്ള നടപടിക്ക് വിധേയമാക്കുന്നതിന് പകരം ഇത്തരത്തിലൊരു നടപടിയാണോ സ്വീകരിക്കേണ്ടത്? സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് ആരെങ്കിലും പറഞ്ഞാൽ അവരെമാത്രം കുറ്റം പറയാൻ കഴിയുമോ. അങ്ങ് ഹോളിസ്റ്റിക് അപ്രോച്ചിനുവേണ്ടി റിപ്പോർട്ട് ആവശ്യപ്പെട്ടത് കണ്ടു; നല്ല കാര്യം. അങ്ങനെയൊരു റിപ്പോർട്ട് ആവശ്യപ്പെടാം. പക്ഷേ ആ റിപ്പോർട്ട് പരിശോധനയ്ക്ക് പ്രഗത്ഭരായ ആളുകളെ നിയമിച്ചപ്പോൾ അതിൽ മഹാഭൂരിപക്ഷവും പൊതുജനാരോഗ്യരംഗത്തുനിന്നുള്ളവരല്ല; സ്വകാര്യമേഖലയിലുള്ളവരാണ്. ആ ജി.ഒ.-യുടെ 8 അങ്ങ് വായിച്ചുകാണുമെന്ന് കരുതുന്നു. പി.പി.പി. പ്രകാരം

രോഗപ്രതിരോധത്തെക്കുറിച്ച് പഠിക്കാൻ തീരുമാനിച്ചാൽ നമ്മുടെ നാട്ടിൽ ഇപ്പോൾ കയറിക്കൂടിയിട്ടുള്ള ബ്ലാക്ക് സ്റ്റോണും കെ.കെ.ആർ. ഗ്രൂപ്പും ഉൾപ്പെടെ ആരോഗ്യരംഗത്തെ വിലയ്ക്ക് വാങ്ങുന്ന സ്വകാര്യ ഏജൻസികൾക്ക് അത് ഗുണകരമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ? എത്രപേരാണ് സ്പൈനൽ മസ്കുലർ അട്രോഫി (എസ്.എം.എ.) എന്ന അസുഖത്തിന്റെ മരുന്ന് പ്രതീക്ഷിച്ചിരിക്കുന്നത്. ഒരു വയൽ മെഡിസിന് ഒന്നര ലക്ഷം രൂപ വരെ ചെലവ് വരും. എസ്.എം.എ. മെഡിസിൻ ഇപ്പോൾ ലഭിക്കുന്നില്ലെന്ന് മാത്രമല്ല അത് വാങ്ങാനുള്ള ഇൻഡന്റ് നൽകിയിട്ടില്ല. കുട്ടികൾക്കുള്ള മരുന്നുകൾ നാറ്റ്കോ ഉൾപ്പെടെ ഇതുവരെ പരിശോധിച്ച് പരിചയമില്ലാത്ത കമ്പനികളോട് അന്വേഷിക്കുന്നു എന്ന ഗുരുതരമായ ആരോപണം ഉയർന്നിട്ടുണ്ട്. ഇത് ഗൗരവമായൊരു പ്രശ്നമാണ്. കാൻസർ മരുന്നുകൾക്ക് വിപണിയിൽ വലിയ വിലയാണുള്ളത്. സുപ്രീം കോടതിതന്നെ ഇത് നിരീക്ഷിച്ചതാണ്. 'കാരുണ്യ സ്പർശം' എന്ന പദ്ധതിയിലൂടെ നാം പർച്ചേസ് ചെയ്തിരുന്ന മരുന്നുകൾക്ക് പകരം കീമോ ഉൾപ്പെടെ ഉളവാക്കുന്ന പ്രശ്നങ്ങൾക്കുള്ള മരുന്നുകൾ ഇപ്പോൾ ലഭ്യമാകുന്നില്ലെന്ന പ്രശ്നം വരികയാണ്.

'ഹീമോഫീലിയ' എന്ന അസുഖത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പുറത്ത് ഇറങ്ങാൻ കഴിയില്ല, തൊഴിലിന് പോകാൻ സാധിക്കുകയില്ല. ശരീരത്തിൽ തട്ടിയാൽ ബ്ലീഡിങ്ങ് ഉണ്ടാകുന്ന ഒരു പ്രശ്നമാണത്. ഹീമോഫീലിയ രോഗം കണ്ടെത്തിയാൽ അതിന് ഉടനെ പ്രതിരോധ മരുന്ന് കൊടുത്ത് ഹീമോഫീലിയയിലേക്ക് നയിക്കാതെ ആളുകളെ രക്ഷപ്പെടുത്താനുള്ള ഉത്തരവാദിത്വം നമ്മൾ നിർവഹിച്ചിരുന്നതാണ്. ഹീമോഫീലിയ ഇപ്പോൾ ഉണ്ടാകുന്നില്ല.

മി. സ്പീക്കർ: അങ്ങ് വേഗം പറഞ്ഞവസാനിപ്പിക്കണം.

ശ്രീ. കെ. രാജൻ: ഞാൻ പറഞ്ഞവസാനിപ്പിക്കുകയാണ്. ഇവിടെ ഇടനിലക്കാരെ ........

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഹീമോഫീലിയ രോഗത്തിനുള്ള മരുന്നാണ് ഫാക്ടർ IX. അത് സ്റ്റോക്ക് ഉണ്ട്.

ശ്രീ. കെ. രാജൻ: സർ, നമുക്ക് ലഭ്യമാകുന്ന വിവരങ്ങളനുസരിച്ചാണ് ഞങ്ങൾ സഭയിൽ ഇക്കാര്യം വെളിപ്പെടുത്തുന്നത്. യഥാർഥത്തിൽ ടെൻഡർ ഇല്ലാതെ ലോക്കൽ പർച്ചേസ് നടത്താൻ ധനകാര്യവകുപ്പിന്

അനുമതിയുണ്ടോ? അങ്ങനെ ലോക്കൽ പർച്ചേസ് നടത്താനുള്ള നടപടിക്രമങ്ങളിലേക്ക് കൊണ്ടുപോയത് ടെൻഡർ കഴിഞ്ഞിരിക്കുന്ന ഒരു ഘട്ടത്തിൽ അപ്പോൾ പർച്ചേസ് നടത്താത്തതുകൊണ്ടല്ലേ? വ്യവസായ വകുപ്പിന് കീഴിലുള്ള കെ.എസ്.ഡി.പി. (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്) ഇപ്പോൾ മരുന്ന് കൊടുക്കുന്നുണ്ടോ? മരുന്ന് കിട്ടാത്ത അവസ്ഥ കേരളത്തിൽ ജീവിതശൈലി രോഗങ്ങൾ മുതൽ ഓപ്പറേഷൻ വരെയുള്ള സാഹചര്യത്തിലേക്ക് പോകുമ്പോൾ ആരോഗ്യ വകുപ്പ് ഗൗരവമായി പോകുന്നതിനുപകരം.......... എന്റെയും ആരോഗ്യവകുപ്പുമന്ത്രിയുടെയും ജില്ല ഷിഗെല്ല ഭീതിയിലാണ്. 11 ദിവസത്തിനുള്ളിൽ 14 കേസുകൾ തൃശ്ശൂർ മെഡിക്കൽ കോളേജിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. അങ്ങ് പറഞ്ഞ സമയത്തുതന്നെ ഞാൻ നിർത്തുകയാണ്. അതിനാൽ ഇത്രയും ഗൗരവമായ ഒരു പ്രശ്നമുണ്ടാകുമ്പോൾ കേവലം രാഷ്ട്രീയത്തെ അതിന് ഉപയോഗപ്പെടുത്തി, ഏത് ഗവൺമെന്റിന്റെ കാലത്താണ് എന്ന് തർക്കിക്കുന്നതിനുപകരം കെ.എം.എസ്.സി.എൽ.-ന്റെ തലപ്പത്ത് എം.ഡി.-യും ജി.എം.-ഉം ആയി ഒരാളെത്തന്നെ

ചുമതലപ്പെടുത്തിയതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിശോധിച്ച് സ്വകാര്യ മേഖലയെ സഹായിക്കാനുള്ള നടപടിയാണോ എന്ന് പേടിക്കുമ്പോൾ ഇവിടെ വായിച്ച പത്രമാധ്യമങ്ങൾ ഉൾപ്പെടെ 'മരുന്നിനുപോലും മരുന്നില്ലെന്ന്' മലയാള മനോരമ പത്രം സൂചിപ്പിച്ച ഒരു സാഹചര്യമുണ്ടായിട്ടും അത് തീർത്തും ഗൗരവമില്ലാതെ കണ്ട മന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. പ്രവീൺ: സർ,

മി. സ്പീക്കർ: അങ്ങ് വേഗം പറഞ്ഞവസാനിപ്പിക്കണം.

ശ്രീ. പി. കെ. പ്രവീൺ: സർ, സംസാരിക്കാൻ തുടങ്ങുമ്പോൾ തന്നെ അങ്ങ് അത് പറയാറുണ്ട്.

മി. സ്പീക്കർ: പ്രതിപക്ഷത്തുനിന്നും പറയേണ്ട കാര്യങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞു. അഡീഷണൽ ആയി ഒന്നുമില്ല എന്ന് കരുതിയാണ് ഞാൻ അങ്ങനെ പറഞ്ഞത്.

*13-10-2026*

*Adjournment Motion*

<u>ശ്രീ. പി. കെ. പ്രവീൺ</u>: സർ, സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. സാധാരണക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെയാണ്. കഴിഞ്ഞ പത്ത് വർഷമായി രാജ്യത്തിനും ലോകത്തിനും മാതൃകാപരമായ ആശുപത്രി എന്ന രീതിയിൽ സംസ്ഥാന സർക്കാർ ആശുപത്രികൾ അത്രയും ഉന്നതിയിൽ എത്തിയിരിക്കുകയാണ്. ആ മേഖലയിലാണ് ഇപ്പോൾ പലയിടങ്ങളിലും മരുന്നുകൾ ലഭിക്കാതെ പലർക്കും ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് പോയിക്കൊണ്ടിരിക്കുന്നത്. വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഇവിടെ കാണുന്നത്. പ്രത്യേകിച്ച് കഴിഞ്ഞ പത്ത് വർഷം സ്വകാര്യ ആശുപത്രികളിൽനിന്നും സർക്കാർ ആശുപത്രികളിലേക്ക് ആളുകൾ എത്തിച്ചേരുന്ന ഒരു കാലഘട്ടമായിരുന്നു. പക്ഷേ ഇപ്പോൾ വീണ്ടും അവർ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുകയാണ്. അതാണ് നമ്മൾ കാണേണ്ടത്. പ്രത്യേകിച്ച് സംസ്ഥാനത്തെ മൾട്ടി, സൂപ്പർ സ്പെഷ്യാലിറ്റിപോലുള്ള പല ആശുപത്രികളും ഇന്ന് ഭീമൻമാരായ കോർപ്പറേറ്റ് മുതലാളിമാരുടെ കൈകളിലേക്ക് പോയിരിക്കുകയാണ്. അവർ 80 ശതമാനത്തോളം

ആശുപത്രികളും അവരുടെ കീഴിലാക്കിയിരിക്കുകയാണ്. അവിടെ സാധാരണക്കാർക്ക് എത്തിപ്പെടാൻ കഴിയാത്ത അവസ്ഥയാണ് കാണുന്നത്. സംസ്ഥാന സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭിക്കാതെയും മരുന്നില്ലാത്ത അവസ്ഥയിൽ പലരും മരണപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രത്യേകിച്ച് ഈ ഒരു വിഷയവുമായി മുന്നോട്ടുവന്നത്. പക്ഷേ അത് ചർച്ച ചെയ്യുകയില്ല എന്നുപറഞ്ഞാൽ, അത് സാധാരണക്കാരെ ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രശ്നമാണ്. അത് ഏറ്റെടുത്ത് നിർബന്ധമായും ചർച്ച ചെയ്യണമെന്ന ആവശ്യമാണ് ഇടതുപക്ഷ പ്രതിപക്ഷം എന്ന നിലയിൽ ഞങ്ങൾ ആവശ്യപ്പെട്ടത്. പക്ഷേ അതുപോലും നിരാകരിച്ചിരിക്കുകയാണ്. സാധാരണക്കാർ അനുഭവിക്കുന്ന ഇത്രയും ഗുരുതരമായൊരു പ്രശ്നം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ തിരികെ ഹാജരായി.)